**THE VILLAGE INTERNATONAL SCHOOL,THODUPUZHA**
**SECOND MODEL EXAMINATION 2024-25**
**MALAYALAM(012)**

Class:X
13-01-2025

Max. Marks :80
Time: 3 hours

The question paper is divided into two sections:

| | | |
|---|---|---|
| Section A | : Reading Comprehension (V.S.A.Q) | |
| | : Vocabulary Building, Prose & Poetry (M.C.Q) | : 40 Marks |
| Section B | : Grammar, Composition | |
| | Literature (Prose, Poetry & Supplementary Reader | : 40 Marks |

## എ വിഭാഗം [Section:A]

**1. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)** **[ 8×1=8]**

പൗരാണികരായ ഋഷിവര്യന്മാർ മനുഷ്യരാശിക്ക് പൊതുവേ പ്രയോജനപ്പെടുന്ന വിധത്തിൽ മൂന്ന് മഹാവാക്യങ്ങൾ ഉപദേശിച്ചിട്ടുണ്ട്. ഒന്ന്, 'അസതോ മാ സദ്ഗമയ'. രണ്ട്, തമസോ മാ ജ്യോതിർ ഗമയ. മൂന്ന്, മൃത്യോർമ അമൃതം ഗമയ. ആദ്യത്തെ വാക്യത്തിൽ മഹത്തായ സാൻമാർഗിക തത്ത്വങ്ങളാണ് ഉപദേശിക്കുന്നത്. തിന്മയിൽ നിന്നും നന്മയിലേക്ക് എന്നെ നയിക്കണമേ എന്ന്. തിന്മയാണ് മനുഷ്യന്റെ സകല വിപത്തുകൾക്കും കാരണം. തിന്മ കൊണ്ട് നാം ഒന്നും നേടുന്നില്ല. അത് അനുദിനം നമ്മെ വിനാശത്തിലേക്ക് നയിച്ചു കൊണ്ടിരിക്കും. ഒരു മദ്യപാനിക്ക് മദ്യം അകത്തു ചെന്നാൽ സംഭവിക്കുന്ന ദോഷഫലങ്ങളെപ്പറ്റി ബോധം ഇല്ലാഞ്ഞിട്ടല്ല, അയാൾ മദ്യത്തിന് അടിമയാകുന്നത്. തിന്മയുടെ പ്രേരണ നിമിത്തമാണ്. വിലക്കുകൾ ഒന്നും വകവയ്ക്കാതെ മനുഷ്യൻ ക്രൂരകൃത്യങ്ങൾക്ക് തയ്യാറാവുന്നത് ഒടുങ്ങാത്ത ശത്രുതയോ, ശക്തമായ ബാഹ്യപ്രേരണയോ, പണത്തോടുള്ള ഒടുങ്ങാത്ത ദുർമോഹമോ കൊണ്ടാണ്. ഇവിടെയെല്ലാം തിന്മയുടെ ജയമാണ് നാം കാണുന്നത്.

അതുകൊണ്ട് നമുക്ക് ഈശ്വരനോട് പ്രാർത്ഥിക്കാൻ ഉള്ളതും പ്രാർത്ഥിക്കേണ്ടതും മേൽപ്പറഞ്ഞ മഹോപദേശമാണ്. 'ഈശ്വരാ എന്നെ ഈ തിന്മയുടെ പിടിയിൽ നിന്നും രക്ഷിച്ചു നന്മയിലേക്ക് നയിക്കേണമേ' എന്ന്. അങ്ങനെയുള്ള പ്രാർത്ഥന കൊണ്ട് മാത്രമേ സന്മാർഗത്തിലേക്കുള്ള പ്രയാണം സുഗമമാകൂ.

ഇനി രണ്ടാമത്തെ വാക്യത്തിലേക്ക് കടക്കാം. 'തമസോ മാ ജ്യോതിർഗമയ'. 'അന്ധകാരത്തിൽ നിന്നും എന്നെ പ്രകാശത്തിലേക്ക് നയിക്കേണമേ' എന്ന്. അജ്ഞതയുടെ പ്രതീകമാണ് അന്ധകാരം. അന്ധകാരമാകുന്ന കൊടുങ്കാട്ടിൽ പെട്ട് ഉഴലുകയാണ് നാം. ജനതയെ നയിക്കാൻ ഇന്ന് വിജ്ഞന്മാർ ഇല്ല. താൻ ഏർപ്പെടുന്ന പ്രവൃത്തിയിൽ വേണ്ടത്ര അറിവ് നേടിയിട്ട് ജനങ്ങളുടെ നേതാവാകാൻ ആരും ആഗ്രഹിക്കുന്നില്ല. അജ്ഞാനം ആകുന്ന കൂരിരുട്ടിൽ നിന്നും വിജ്ഞാനത്തിന്റെ പ്രകാശത്തിൽ എത്തിച്ചേർന്നാൽ മാത്രമേ മനുഷ്യന് യഥാർത്ഥ ബോധം ഉണ്ടാവുകയുള്ളൂ. ഈ പ്രപഞ്ചത്തെ എല്ലാം നിയന്ത്രിച്ചു കൊണ്ടു പോകുന്ന അദൃശ്യശക്തിയായ ഈശ്വരനെ കുറിച്ചുള്ള ബോധം. നമ്മുടെ ഹൃദയത്തിൽ നിന്നും ഇരുട്ട് നിശ്ശേഷം നീങ്ങി വെളിച്ചത്തിന്റെ പൊൻതാരയിലേക്ക് ആകട്ടെ നമ്മുടെ പ്രയാണം.

'മൃത്യോർമ അമൃതം ഗമയ'. 'മൃത്യുവിൽ നിന്നും അമരത്വത്തിലേക്ക് എന്നെ നയിക്കേണമേ' എന്നതാണ് മൂന്നാമത്തെ മഹാവാക്യം. മനുഷ്യജീവിതം നശ്വരമാണ്. അതിനെ അനശ്വരമാക്കാൻ സത്കൃത്യങ്ങൾക്കേ സാധിക്കൂ. സജ്ജനങ്ങളുമായുള്ള സംസർഗം നമുക്ക് അന്യരിൽ ആദരവും സ്നേഹവും ജനിപ്പിക്കുന്നു. അവർക്ക് നമ്മളാൽ കഴിയും വിധം ഉപകാരം ചെയ്തു കൊടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. 'പരോപകാരമേ പുണ്യം പാപമേ പരപീഡനം' എന്ന വ്യാസ ഉപദേശത്തിന്റെ മാഹാത്മ്യം അപ്പോഴാണ് നമുക്ക് വ്യക്തമാകുന്നത്. അന്യജീവന് പ്രയോജനം ചെയ്തിട്ടാണ് നാം സ്വന്തം ജീവിതം ധന്യമാക്കേണ്ടത്. നമ്മുടെ സുഖത്തിനു

വേണ്ടി ചെയ്യുന്ന കാര്യങ്ങൾ അന്യരുടെ സുഖത്തിനു കൂടി പ്രയോജനപ്പെടണം. എങ്കിലേ നമുക്ക് യഥാർത്ഥ ആത്മസുഖം ലഭിക്കുകയുള്ളൂ.

**ചോദ്യങ്ങൾ**.

(i) സന്മാർഗത്തിലേക്കുള്ള പ്രയാണം സുഗമമാകുന്നതെപ്പോഴാണ്?

(ii) ഋഷിവര്യന്മാർ മനുഷ്യരാശിക്ക് ഉപദേശിച്ച മഹാവാക്യങ്ങൾ ഏതെല്ലാം?

(iii) ആദ്യത്തെ മഹാവാക്യം ഉദ്ദേശിക്കുന്നത് എന്ത്?

(iv) മനുഷ്യന് യഥാർത്ഥ ബോധം ലഭിക്കുന്നത് എങ്ങനെ?

(v) അന്ധകാരം എന്തിന്റെ പ്രതീകമാണ്?

(vi) മനുഷ്യജീവിതം അനശ്വരമാക്കാൻ സാധിക്കുന്നത് എങ്ങനെ?

(vii) യഥാർത്ഥ ആത്മ സുഖം ലഭിക്കുന്നതെങ്ങനെ?

(viii) മഹത്തായ വ്യാസോപദേശം എന്ത്?

2. **തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം).** **[7×1 =7]**

ദ്രവ്യത്തെ പരമാണുതലത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്ന സാങ്കേതികവിദ്യയാണ് നാനോ ടെക്നോളജി. കമ്പ്യൂട്ടർ സയൻസിനൊപ്പം ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം തുടങ്ങിയ വ്യത്യസ്ഥ ശാസ്ത്ര ശാഖകളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഒരു നാനോമീറ്റർ എന്നാൽ മീറ്ററിന്റെ നൂറു കോടിയിൽ ഒരംശമാണ്. നമ്മുടെ തലമുടി നാരിന്റെ വ്യാസം രണ്ടുലക്ഷം നാനോമീറ്റർ ആണെന്നും ആറടി നീളമുള്ള ഒരാൾക്ക് 183 കോടി നാനോമീറ്റർ ഉയരമുണ്ടെന്നും പറയുമ്പോൾ നാനോയുടെ

സൂക്ഷ്മതലത്തിന്റെ വ്യാപ്തി ഊഹിക്കാമല്ലോ. ഒരു ആറ്റത്തിന്റെ വലിപ്പം ഒരു നാനോമീറ്ററിന്റെ മൂന്നിലൊന്നാണെന്ന് പറയാം.

പ്രകൃതിയിലെ സകല വസ്തുക്കളും രൂപപ്പെടുന്നത് തന്മാത്രകൾ കൂടിച്ചേർന്നാണെന്നും ഇത്തരം ഓരോ തന്മാത്രയും വ്യത്യസ്ത ആറ്റങ്ങൾ കൂടിച്ചേർന്നാണ് ഉണ്ടാകുന്നതെന്നും നമുക്കറിയാം. ഇങ്ങനെ ആറ്റങ്ങളുടെയും അവ ചേർന്നുണ്ടാകുന്ന തന്മാത്രകളുടെയും രാസഗുണങ്ങൾ കൃത്യമായി മനസ്സിലാക്കി അവയെ സംയോജിപ്പിച്ചുകൊണ്ട് അസാമാന്യ ഗുണമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുകയാണ് നാനോ ടെക്നോളജിയുടെ പ്രധാന വെല്ലുവിളി. പുതിയ പദാർത്ഥങ്ങളും ഉപകരണങ്ങളും സൃഷ്ടിക്കാൻ ഉതകുന്ന രൂപത്തിൽ ആറ്റങ്ങളെ പുന:ക്രമീകരിക്കാൻ അവസരം നൽകുന്ന നാനോ ടെക്നോളജി, സാധ്യതകളുടെ അതിരുകൾ ഇല്ലാത്ത മാനങ്ങളാണ് തുറന്നു കാട്ടുന്നത്. കരിയും വജ്രവും കാർബൺ ആറ്റങ്ങൾ വ്യത്യസ്തരൂപത്തിൽ കൂടിച്ചേർന്നാണ് ഉണ്ടാകുന്നത് എന്ന വസ്തുത ഓർമിക്കുക. ചെലവ് കുറഞ്ഞ ഒരു ഇന്ധന സ്രോതസ്സായും വിലകൂടിയ ഒരു ആഡംബര വസ്തുവായും പ്രയോജനപ്പെടുത്തുന്ന ഈ രണ്ടു പദാർത്ഥങ്ങൾ ഒരേ മൂലകത്തിന്റെ വകഭേദങ്ങൾ ആണല്ലോ. ഇവയെ ആറ്റോമിക് തലത്തിൽ പുന:ക്രമീകരിക്കാൻ കഴിയുന്ന സങ്കേതങ്ങൾ ലഭ്യമാവുന്ന ഒരു അവസ്ഥ മാത്രം ആലോചിച്ചാൽ ഈ സാധ്യതകൾ നമുക്ക് ബോധ്യമാകും. നാം കഴിക്കുന്ന ഭക്ഷണവും ധരിക്കുന്ന വസ്ത്രവും നാം നിർമ്മിക്കുന്ന

ഉത്പന്നങ്ങളും നാനോ ടെക്നോളജിയുടെ സ്വാധീനത്തിൽ ആകുന്ന കാലം അതി വിദൂരമല്ലെന്നാണ് വിദഗ്ദർ അനുമാനിക്കുന്നത്.

ഭൗതികശാസ്ത്രത്തിൽ നോബൽ സമ്മാനം ലഭിച്ചിട്ടുള്ള റിച്ചാർഡ് ഫെയ്മാൻ ആണ് നാനോ ടെക്നോളജിയെ കുറിച്ചുള്ള ആദ്യ ദർശനങ്ങൾ നൽകിയത്. വിശ്വവിജ്ഞാന കോശത്തിന്റെ മുഴുവൻ വാല്യങ്ങളും ഒരു മൊട്ടുസൂചിയുടെ അറ്റത്ത് എഴുതാൻ ആകുമെന്നും ലോകത്തിലെ മുഴുവൻ പുസ്തക ശേഖരവും ഒരൊറ്റ കൈപ്പുസ്തകത്തിൽ ഒതുക്കാൻ ആകുമെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ കാര്യകാരണസഹിതം സമർത്ഥിച്ചു. മാത്രമല്ല ഈ ആഗോള പുസ്തക ശേഖരത്തെ ഫലപ്രദമായ ഒരു കമ്പ്യൂട്ടർ കോഡ് ആക്കി മാറ്റുകയാണെങ്കിൽ ഇതുമുഴുവൻ മനുഷ്യന്റെ നഗ്നനേത്രം കൊണ്ട് കാണാൻ കഴിയാത്തത്ര ചെറിയ ഒരു പൊടിയിൽ ഉൾക്കൊള്ളിക്കാം എന്നും തുടർന്ന് പറയുന്നു. ഇത്തരം പ്രവചനങ്ങൾ വർഷങ്ങളോളം ശാസ്ത്രലോകത്തിന് പോലും വെറുമൊരു തമാശ മാത്രമായിരുന്നു.

**ചോദ്യങ്ങൾ**.

(i) ഏതെല്ലാം ശാസ്ത്രശാഖകളുമായാണ് നാനോ ടെക്നോളജി ബന്ധപ്പെട്ടിരിക്കുന്നത്?

(ii) നാനോ ടെക്നോളജിയെ കുറിച്ച് ആദ്യ ദർശനങ്ങൾ നൽകിയതാര്?

(iii) നാനോ ടെക്നോളജിയിലെ പ്രധാന വെല്ലുവിളി എന്ത്?

(iv) ഈ സാങ്കേതികവിദ്യയെ കുറിച്ച് വിദഗ്ദർ അനുമാനിക്കുന്നത് എന്ത്?

(v) ഒരു നാനോ മീറ്റർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

(vi) നാനോ ടെക്നോളജി പുത്തൻ സാധ്യതകളുടെ മാനങ്ങൾ തുറന്നിടുന്നു എന്ന് പറയുന്നത് എന്തുകൊണ്ട്?

(vii) ഫെയ്മാൻ പ്രവചിച്ചത് എന്തെല്ലാം?

**3. തന്നിരിക്കുന്ന പത്തു ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരി ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **[7×1=7]**

(i) 'സന്തപ്തം' അർത്ഥമായി വരുന്ന പദം ഏത്?

- (A) സങ്കടപ്പെട്ട
- (B) ചുട്ടു പഴുത്ത
- (C) വേദന നിറഞ്ഞ
- (D) നിരാശയോടെ

(ii) 'വിഷാദം' വിപരീതമായി വരുന്ന പദം ഏത്?

- (A) പ്രദോഷം
- (B) സന്തോഷം
- (C) പ്രസാദം
- (D) മോദം

(iii) 'ഇണ്ടൽ - കൊണ്ടൽ' അർഥ വ്യത്യാസം എടുത്ത് എഴുതുക.

- (A) കണ്ണ്
- (B) ദുഃഖം
- (C) മേഘം
- (D) ആകാശം

(iv) മൃതിയുള്ളവൻ ഒറ്റപ്പദം ഏത്?

- (A) മൃതൻ
- (B) മർത്യ ൻ
- (C) മനുഷ്യൻ
- (D) മൃത്യൻ

(v) 'അരി' എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഏത്?

(A) ശത്രു

(B) വാനരൻ

(C) സിന്ദൂരം

(D) ധാന്യം

(vi) ശരിയായ പദം ഏത് ?

(A) ജേഷ്ഠൻ

(B) ജ്യേഷ്ഠൻ

(C) ജേഷ്ടൻ

(D) ജ്യേഷ്ട്ടൻ

(vii) സുഖോദയം ശരിയായി പിരിച്ച് എഴുതിയ രൂപം ഏത്?

(A) സുഖ + ഉദയം

(B) സുഖ + ഓദയം

(C) സുഖം + ഉദയം

(D) സുഖോ + ഉദയം

(viii) 'പൂവരി' ശരിയായ വിഗ്രഹാർത്ഥം ഏത്

(A) പൂവും അരിയും

(B) പൂവിന്റെ അരി

(C) പൂവ് ആകുന്ന അരി

(D) പൂവായ അരി

(ix) 'കച്ഛം' പര്യായപദങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.

(A) പൂരം

(B) പുളിനം

(C) ദർഭ

(D) ഓരം

(x) ‘മേധാവി’  എതിർലിംഗം എഴുതുക

(A) മേധാവിനി

(B) മേധാവിണി

(C) മേധ

(D) മേധാവ്

**4. താഴെ തന്നിരിക്കുന്നവയിൽ  ഒൻപത് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **[9×2=18]**

(a)  മാനസതാരിൽ നിരൂപിച്ചതും തവജ്ഞാനമില്ലായ്കെന്നറിക നീ’

(i) എന്താണ് മാനസതാരിൽ നിരൂപിച്ചത്?

(A) അഹം ബുദ്ധി

(B) ഞാൻ ബ്രാഹ്മണനാണ്

(C) ഞാൻ നരേന്ദ്രനാണ്

(D) ലോകം ദഹിപ്പിക്കാൻ

(ii) ദേഹാഭിമാനത്തിൽ നിന്നുണ്ടാകുന്ന രോഷം കൊണ്ട് എന്താണ് വന്നു ഭവിക്കുന്നത്?

(A)  ക്രോധം

(B) മോഹം

(C) ദോഷം

(D) മനസ്താപം

(b).‘ഓതുകിന്നതഥവാ വൃഥാ ശുഭേ’

(i) എന്തോതുന്നതാണ് ഇനി വൃഥാ ആണെന്ന് ദിവാകരൻ പറയുന്നത്?

(A) പ്രായവും കാര്യവും മാറിയത്

(B) എന്തിവിടെ വാണിടുന്നു

(C) സന്യാസം സ്വീകരിച്ചത്

(D) പ്രണയ ചാപല്യം

(ii) കർമ്മനീതരായ് ഏതു മാർഗ്ഗവും ഇയലുന്നതാർ?

(A) നളിനി

(B) ദിവാകരൻ

(C) വിവേകികൾ

(D) ശരീരികൾ

(c) 'പെട്ടെന്ന് വാഹനം മുന്നോട്ടു പോകയായ്'

(i) എവിടെനിന്നാണ് വാഹനം മുന്നോട്ടുപോയത്?

(A) വിദ്യാലയ മുറ്റത്ത്

(B) ജില്ലാ ആശുപത്രി

(C) പെരുമാളിനടുത്ത്

(D) കോവിലിനു മുൻപിൽ

(ii) എവിടെ കൊണ്ടുപോകണം എന്നാണ് അമ്മ ശഠിച്ചത്?

(A) വിദ്യാലയ മുറ്റത്ത്

(B) ജില്ലാ ആശുപത്രിയിൽ

(C) പെരുമാളിൽ

(D) കോവിലിൽ

(d) 'പനീരാൽ കഴുകിക്കൂ കാലുകൾ'

(i) ആരോടാണ് കവി ഇങ്ങനെ ആവശ്യപ്പെടുന്നത്?

(A) മുക്കുറ്റി

(B) ഉഷസ്സ്

(C) മഹാബലി മന്നൻ

(D) തുമ്പ

(ii) മന്നനെ എവിടെ  ഇരുത്താനാണ് കവി ആവശ്യപ്പെടുന്നത്

(A) മണിപീഠത്തിൽ

(B) കാഞ്ചന സിംഹാസനത്തിൽ

(C) വെൺമണലിങ്കൽ

(D) പൂത്തറമേൽ

(e) ‘നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയുമെത്രയും ചഞ്ചലം’

(i) എന്താണ് ചഞ്ചലം ആയത്?

(A) ആലയസംഗമം

(B) ലക്ഷ്മി

(C) യൗവനം

(D) ഭോഗങ്ങൾ

(ii) രാഗാദിസങ്കുലമായ സംസാരം എന്തു പോലെയാണ്?

(A) സ്വപ്നതുല്യം

(B) സ്വപ്നസമാനം

(C) ചഞ്ചലം

(D) അധ്രുവം

(f).’തന്റെ "കോടച്ചി ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരുപാട് കണ്ണുനീർ വീഴ്ത്തിയിരിക്കണം’.

(i) തോർത്തിന്റെ കെട്ടിലൂടെ കുതിർന്നു പിടിച്ചത് എന്ത്?

(A) കണ്ണുനീരിന്റെ ഓതം

(B) കഞ്ഞി നനവ്

(C) കണ്ണീർ

(D) ഇതൊന്നുമല്ല

(ii) ഒ.വി.വിജയന്റേതല്ലാത്ത കൃതിയേത്?

(A) മധുരംഗായതി

(B) സ്വപ്നവാങ്മൂലം

(C) തലമുറകൾ

(D) ഗുരുസാഗരം

(g) ‘നിങ്ങൾ പലതവണ അധർമ്മം ചെയ്ത പാണ്ഡവരെ വിശ്വസിച്ചു പോകരുതേ’

(i) ആരോടാണ് ഇങ്ങനെ പറയുന്നത്?

(A) ജനങ്ങളോട്

(B) സഞ്ജയനോട്

(C) അശ്വത്ഥാമാവിനോട്

(D) വ്യാസനോട്

(ii) ആരോട് പറയാൻ വേണ്ടിയാണ് ഇത് പറഞ്ഞേൽപ്പിക്കുന്നത്?

(A) മാതാപിതാക്കളോട്

(B) കൃപകൃതവർമാശ്വത്ഥമാക്കളോട്

(C) ജനങ്ങളോട്

(D) സഞ്ജയനോട്

(h) രണ്ടു വാക്കുകൾ മാത്രം, രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അറിവുകൾ കൈമാറി.

(i) ആരൊക്കെയാണ് അറിവുകൾ കൈമാറിയത്?

(A) അച്ഛനും മകനും

(B) നീലിയും വെള്ളായിയപ്പനും

(C) വെള്ളായിയപ്പനും മരക്കാരും

(D) ഗുമസ്തനും  വെള്ളായിയും

(ii) എവിടെ വച്ചാണ് ഇത് നടക്കുന്നത്?

(A) തീവണ്ടി ഓഫീസിൽ

(B) കടപ്പുറത്ത്

(C) ചവിട്ടടിപ്പാതയിൽ

(D) ജയിലിൽ.

(i).‘മനംകെട്ട് അവരെല്ലാം നോക്കി നിൽക്കെ കാടുകയറി’

(i) ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

(A) നാരദൻ

(B) അശ്വത്ഥാമാവ്

(C) വ്യാസൻ

(D) സഞ്ജയൻ

(ii) 'ഭഗവാൻ പുരുഷോത്തമൻ സത്യ വാക്കായി കൊള്ളട്ടെ' (i) ആരുടെ വാക്കുകൾ സത്യമാകട്ടെ എന്നാണ് സൂചിപ്പിക്കുന്നത്?

(A) ഹൃഷികേശൻ

(B) വ്യാസൻ

(C) നാരദൻ

(D) ദേവകീതനയൻ

(j) 'വലുതല്ലാത്ത ശബ്ദത്തിൽ അപ്പോഴും റേഡിയോ പ്രവർത്തിക്കുന്നുണ്ടാവും'.

(i) ഏത് സമയത്താണ് റേഡിയോ വലുതല്ലാത്ത ശബ്ദത്തിൽ പ്രവർത്തിക്കുന്നത്?

(A) തയ്യൽ പണി ചെയ്യുമ്പോൾ

(B) വീട്ടിൽ എത്തുമ്പോൾ

(C) വീട്ടിലേക്ക് തിരിച്ചു നടക്കുമ്പോൾ

(D) റേഡിയോ പണയം വെച്ച് തിരിച്ചു വരുമ്പോൾ.

(ii) ആറാട്ട് കുന്നിന്റെ ചരിത്രത്തിലെ സംഭവം ഏത്?

(A) ചാക്കുണ്ണി റേഡിയോ വാങ്ങിയത്

(B) റേഡിയോ പാട്ടുകൾ കേൾക്കാനായി പല സ്ഥലത്തുനിന്നും ആളുകൾ എത്തിയത്

(C) ചാക്കുണ്ണിയുടെ തയ്യൽ കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയത്.

(D) വാർത്തയും പാട്ടും കേൾക്കാൻ ആളുകൾ കൂടിയപ്പോൾ.

## ബി വിഭാഗം [Section B]

**5 (a) അംഗവാക്യം,അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക** **[2×1=2]**

(i) അർജ്ജുനന്റെ പുത്രവധുവായ ഉത്തര പെറ്റുണ്ടാകുന്ന പരീക്ഷിത്ത് പാണ്ഡവവംശത്തെ നിലനിർത്തുക തന്നെ ചെയ്യും.

(ii) പിൽക്കാലത്ത് തുന്നി കൊടുക്കുമ്പോൾ കൊടുത്തു വീട്ടാം എന്ന കരാറിൽ അയാൾ പലരിൽ നിന്നും കടം വാങ്ങി.

**(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **[2×1=2]**

(i) മത്തായി ഒട്ടും ഇഷ്ടപ്പെടാത്ത തരത്തിൽ അലോസരത്തോടെ അയാളെ നോക്കി.

(ii) വെള്ളായിയപ്പനെ കണ്ട് കുട്ട്യസ്സൻ മാപ്പിള ആദരവും ബഹുമാനവും കൊണ്ട് വഴിമാറിനിന്നു.

**(c) പ്രയോഗം മാറ്റുക.** **[2×1=2]**

(i) തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി.

(ii)അർജ്ജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ പ്രതിസംഹരിച്ചു.

**(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **[2×1=2]**

(i) വിട വാങ്ങി

(ii) ചൂഴ്ന്നു നിൽക്കുക

(iii) ആഘാത പ്രത്യാഘാതങ്ങൾ.

**6(a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക** **[5]**

(A) മനുഷ്യനിർമ്മിത പ്രകൃതിദുരന്തങ്ങളും പരിഹാരമാർഗങ്ങളും

(B) ലഹരി വിമുക്ത കേരളം.

(b) ഇരുചക്രവാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഗതാഗത നിയമങ്ങൾ  കർശനമാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു ലേഖനം പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രമുഖ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക **[5]**

(c) വഴിയോരങ്ങളിൽ സർക്കാർ നടപ്പിലാക്കി വരുന്നു ടേക്ക് എ ബ്രയ്ക്ക് പദ്ധതിയെക്കുറിച്ച് പത്രവാർത്ത തയാറാക്കുക. **[4]**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിനും മൂന്നു മാർക്ക് വീതം)** **[2×3=6]**

(i) പണയം എന്ന ചെറു കഥയെ അടിസ്ഥാനമാക്കി ചെമ്പു മത്തായിയുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

(ii) ആ ഹൃദയോന്നതിക്ക് മുൻപിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്ക് സാധിക്കും. ആരെക്കുറിച്ചാണ് ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെടുന്നത്? കാരണമെന്ത്?

(iii) കുറച്ചു പറഞ്ഞ് കൂടുതൽ ധ്വനിപ്പിക്കുക എന്ന രചനാ തന്ത്രമാണ് ഒ.വി. വിജയൻ കടൽത്തീരത്ത് എന്ന കഥയിൽ ഉപയോഗിച്ചിരിക്കുന്നത് ഉദാഹരണസഹിതം വിശദമാക്കുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിനും മൂന്നുമാർക്ക് വീതം)** **[2×3=6]**

(i) ക്രോധം പരിത്യജിക്കണം ബുധജനം എന്ന വാക്യത്തിന്റെ കാലിക പ്രസക്തി വിശദമാക്കുക.

(ii) ഓണമുറ്റത്ത് എന്ന കവിതയിൽ കാണുന്ന മാനുഷിക ഭാവവർണ്ണനകൾ ഏതെല്ലാം? വിവരിക്കുക.

(iii) ശ്രീനാരായണഗുരു ദർശനങ്ങൾ ആശാൻ കവിതകളിൽ പ്രകടമാകുന്നതെങ്ങനെയെന്ന് പ്രിയദർശനം എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിനും മൂന്നുമാർക്ക് വീതം)** **[2×3=6]**

(i) ഒരു സാഹിത്യകാരൻ എന്ന നിലയിൽ ചട്ടമ്പിസ്വാമികളുടെ സംഭാവനകൾ വിലയിരുത്തുക.

(ii) അറിവില്ലാത്തവർക്ക് വെളിവ് ഉണ്ടാക്കുന്ന സ്വാമികളുടെ രീതി പ്രശംസനീയമാണ് ഉദാഹരണസഹിതം വിശദീകരിക്കുക.

(iii) 'സ്വാമിയവാൾ മുരുകൻ താൻ' എന്ന് ചട്ടമ്പിസ്വാമികളെ പ്രകീർത്തിക്കാനിടയായ സംഭവം വിശദീകരിക്കുക.